# സ്വാമി വിവേകാനന്ദൻ സോഷ്യലിസ്റ്റോ?

**എസ്.കെ ബിശ്വാസ്**



**സ്വാമി** വിവേകാനന്ദനെക്കുറിച്ച് പ്രചുരപ്രചാരം നേടിയിട്ടുള്ള വീക്ഷണങ്ങളെ ചോദ്യംചെയ്യുകയും വ്യത്യസ്തമായ ചില കാഴ്ചപ്പാടുകൾ മുമ്പോട്ടുവെക്കുകയും ചെയ്യുന്ന കൃതിയാണ് ബംഗാളി എഴുത്തുകാരനായ സ്വപൻ കുമാർ ബിശ്വാസിന്റെ 'സ്വാമി വിവേകാനന്ദൻ സോഷ്യലിസ്റ്റോ?'

പ്രസാധക കുറിപ്പിൽ പുസ്തകത്തെക്കുറിച്ച് പറയുന്നു: "ഹിന്ദുത്വവാദികളും മാർക്സിസ്റ്റുകളും ഒരുപോലെ (?) ഉയർത്തിപ്പിടിക്കുന്ന ഹിന്ദുസന്യാസിയാണ് സ്വാമി വിവേകാനന്ദൻ. ഒരു കൂട്ടർ വിവേകാനന്ദനെ ഹിന്ദുമതത്തിന്റെ എക്കാലത്തെയും മികച്ച മിഷനറിയായി കണക്കാക്കി ആദരിക്കുമ്പോൾ 'പുരോഗാമി'കളായ മറ്റേ കൂട്ടർ അദ്ദേഹത്തെ സോഷ്യലിസ്റ്റ് വിപ്ലവകാരിയായാണു വിലയിരുത്തുന്നത്. (ഉദാഹരണങ്ങൾക്കു വിവർത്തകക്കുറിപ്പു കാണുക). വിവേകാനന്ദനെ സ്തുതിച്ചുകൊണ്ട് പ്രമുഖ യുക്തിവാദിയായിരുന്ന പവനന്റെ പത്നി പാർവതി പവനൻ 'വാരാദ്യമാധ്യമ'ത്തിൽ (16/03/2008) എഴുതിയ ലേഖനം ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്. ചിന്താശക്തി മരിച്ചിട്ടില്ലാത്തവർക്ക് തീർച്ചയായും ഈ വൈരുധ്യത്തെപ്പറ്റി അന്വേഷിക്കാൻ താൽപര്യം കാണും. എന്നാൽ അതിനുള്ള സാമഗ്രികൾ പലപ്പോഴും ലഭ്യമാകാറില്ല എന്നതാണു സത്യം. വിവേകാനന്ദൻ, മഹാത്മാഗാന്ധി, ശ്രീരാമകൃഷ്ണപരമഹംസർ, രാജാറാം മോഹൻ റോയ്, ദയാനന്ദ സരസ്വതി, എം.എൻ റോയ് മുതലായ 'ദേശീയ ദൈവങ്ങ'ളുടെ യഥാർഥ മുഖം എന്തായിരുന്നുവെന്നു വെളിപ്പെടുത്തുന്ന വസ്തുനിഷ്ഠ പഠനങ്ങൾ ഇംഗ്ലീഷിൽ ധാരാളം ലഭ്യമാണെങ്കിലും അവയൊന്നും പ്രാദേശിക ഭാഷകളിൽ പ്രസിദ്ധീകരിക്കാൻ ആരും തയാറായിട്ടില്ല." പാഠപുസ്തകങ്ങളും മുഖ്യധാരാമാധ്യമങ്ങളും ചേർന്ന് ഒരു വിധത്തിലുള്ള മുൻവിധിയാണ് സൃഷ്ടിച്ചിട്ടുള്ളത്. അത്തരം മുൻവിധികളെ ചോദ്യം ചെയ്യുന്ന ഈ കൃതിയിലെ ഉള്ളടക്കത്തോട് നമുക്ക് യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. പക്ഷേ, ഇതിലെ ചിന്തകൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്. വിശേഷിച്ചും, ഹിന്ദുത്വം പൈതൃകങ്ങളെ വർഗീയവൽക്കരണത്തിന്റെ ഉപകരണങ്ങളാക്കുന്ന വർത്തമാനകാലത്ത് ഇത്തരം ചർച്ചകൾക്ക് വലിയ പ്രസക്തിയുണ്ട്.

"ഹിന്ദുത്വം കെട്ടിച്ചമച്ച കഥകളും അതു കെട്ടിയെഴുന്നള്ളിക്കുന്ന വിഗ്രഹങ്ങളും കീഴാളവർഗ ബുദ്ധിജീവികൾ സൂക്ഷ്മ പരിശോധനക്കു വിധേയമാക്കുന്നതിൽ അപാകതയില്ലെന്നുതന്നെയല്ല അതു ചരിത്രപരമായ ഒരാവശ്യവുമാണ്. സവർണ രചനകളിലെന്ന പോലെ അവർണ രചനകളിലും പക്ഷപാതമുണ്ടായെന്നിരിക്കും. എന്നാൽ അസമത്വത്തിൽ അധിഷ്ഠിതമായ സാമൂഹിക ക്രമത്തെ നിലനിർത്തുന്ന ആര്യപക്ഷപാതിത്വത്തെയും തുല്യതയും തുല്യാവസരവും ലക്ഷ്യമിടുന്ന അനാര്യപക്ഷപാതിത്വത്തെയും ഒരുപോലെ കാണാനാവില്ല......"

പുസ്തകത്തിന്റെ അവതാരികയിൽ പ്രശസ്ത പത്രപ്രവർത്തകൻ ബി.ആർ.പി ഭാസ്കർ എഴുതുന്നു. വിവർത്തനം വി. പ്രഭാകരൻ

**പേജ്: 48, വില 22**
**പ്രസാധനം: ബ്രൗൺ ബുക്സ് അറഫാ കോംപ്ലക്സ്, കരിക്കാട് പി.ഒ, പെരുമ്പിലാവ്, തൃശൂർ - 680 519**

# രോഗിയോടൊപ്പം

**പി. അബൂബക്കർ സുല്ലമി**



**ആതുര** ശുശ്രൂഷാ മേഖല ലാഭകരമായ ഒരു കച്ചവടമാക്കി മാറ്റിയിരിക്കുന്നു ഇന്ന് മുതലാളിത്തം. രോഗികളെ ഇരകളായി കാണുന്ന മരുന്ന് കമ്പനികളും ഡോക്ടർമാരും ചികിത്സാ രംഗത്തെ മറ്റു ഏജൻസികളുമെല്ലാം വലിയ ചൂഷണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ കാലികപ്രസക്തവും പുതുമയുള്ളതുമായ വിഷയമാണ് 'രോഗിയോടൊപ്പം' എന്ന പുസ്തകത്തിൽ പി. അബൂബക്കർ സുല്ലമി അവതരിപ്പിക്കുന്നത്. ഇസ്‌ലാമിക അധ്യാപനങ്ങൾ മുമ്പിൽ വെച്ചുകൊണ്ട് രോഗീപരിചരണത്തെക്കുറിച്ച് ചർച്ച ചെയ്യുകയാണ് ഈ ലഘുകൃതിയിൽ ഗ്രന്ഥകാരൻ. സമഗ്ര ജീവിതവ്യവസ്ഥയായ ഇസ്‌ലാം മറ്റു വിഷയങ്ങളെപ്പോലെ രോഗവും ചികിത്സയും രോഗീ പരിചരണവും എത്ര പ്രാധാന്യപൂർവമാണ് കൈകാര്യം ചെയ്തിട്ടുള്ളതെന്ന് ഈ കൃതി സൂചിപ്പിക്കുന്നു. രോഗം, രോഗികൾ, വൃദ്ധരും രോഗികളും, രോഗിയും നമസ്കാരവും, രോഗിയുടെ മനസ്, നമ്മുടെ ബാധ്യത, ചികിത്സയും പരിചരണവും തുടങ്ങി പന്ത്രണ്ട് അധ്യായങ്ങൾ. രോഗികളെ പരിചരിക്കുന്ന വിവിധ സേവനവേദികളെക്കുറിച്ച അനുബന്ധ കുറിപ്പുമുണ്ട്. **പേജ്: 64, വില: 30 പ്രസാധനം: തനിമ പബ്ലിഷിംഗ് ഹൗസ് കോഴിക്കോട്**